www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പത്തനംതിട്ട ഭദ്രാസനം

## സഭൈക്യ-സംവാദ പ്രേഷിത കാര്യാലയം

# സഭൈക്യവാര പ്രാർത്ഥന

**2024 ജനുവരി 18 മുതൽ 25 വരെ**




**“നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും.” (ലൂക്കാ 10 : 27)**

www.malankaralibrary.com

# ആമുഖം

ക്രിസ്തു ശിഷ്യനും ഭാരതിന്റെ അപ്പോസ്തോലനുമായ മാർത്തോമ ശ്ശീഹായുടെ ധീര രക്തസാക്ഷിത്വത്തിന്റെ 1950 വർഷങ്ങൾ പിന്നിടുന്ന ഈ കാലയളവിൽ കേരളത്തിലെ ക്രൈസ്തവ സഭകൾ ഒരുമിച്ച് ക്രിസ്തു സാക്ഷ്യം നിർവഹിക്കുന്ന എക്യുമെനിക്കൽ ചിന്തകൾക്ക് പ്രസക്തിയും ആവശ്യകതയും ഏറുന്നുണ്ട്. സ്നേഹത്തിൽ അധിഷ്ടിതമായ വിശ്വാസ പ്രഖ്യാപനങ്ങളാണ് നമുക്കാവശ്യം. ഏക സ്രഷ്ടാവായ പിതാവായ ദൈവത്തോടുള്ള മനുഷ്യജീവിതിത്തിന്റെ ബന്ധം; "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസോടും കൂടെ സ്നേഹിക്കണം" (ലൂക്കാ.10:27) എന്ന തിരുവചനത്തിൽ വ്യക്തമാണ്.

ചെമീൻ നൗഫ് സമൂഹത്തിന്റെ (സി.സി.എൻ.) സഹായത്തോടെ ബർക്കീനോ ഫാസോയിൽ നിന്നുള്ള ഒരു എക്യുമെനിക്കൽ സമൂഹമാണ് ക്രൈസ്തവ ഐക്യത്തിനായുള്ള 2024 ലെ പ്രാർത്ഥനാവാരത്തിനുള്ള ഈ സാമഗ്രികൾ തയ്യാറാക്കിയത്. അടുത്ത കാലത്ത് ഇവിടെ നടന്ന ഭീകര ആക്രമണങ്ങൾ ക്രൈസ്തവ ജനതയെ ഉന്നം വച്ചുകൊണ്ടുള്ളതായിരുന്നു. ഭീകരമായ ഈ സാഹചര്യത്തിൽ സാമൂഹിക അടുപ്പവും സമാധാനവും ദേശീയ ഐക്യവും താറുമാറായി. 2024 ലെ ക്രൈസ്തവ അനുരഞ്ജന വാരത്തിനുള്ള പ്രാർത്ഥനകൾ തയ്യാറാക്കുന്നതിനുള്ള ക്ഷണം സ്വീകരിച്ച ഈ നാട്ടിലെ ക്രൈസ്തവ സഭകൾ, ഏറെ ക്ലേശകരമായ ഈ കാലഘട്ടത്തിൽ പരസ്പര സ്നേഹത്തിൽ ഒന്നിച്ച് പ്രാർത്ഥിക്കുവാനും, സഞ്ചരിക്കുവാനും, അതിജീവനം നടത്താനും സാക്ഷ്യം നല്കുന്നു. ദൈവസ്നേഹത്തിന് മാത്രമേ അവരെ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ ഉത്തരം നല്കുവാൻ കഴിയൂ എന്ന് അവർ വിശ്വസിക്കുന്നു.

www.malankaralibrary.com

എല്ലാ വർഷവും പ്രാർത്ഥനാവാരത്തിനുള്ള സാമഗ്രികൾ 'പൊന്തിഫിക്കൽ കൗൺസിൽ ഫോർ പ്രൊമോട്ടിംഗ് ക്രിസ്റ്റ്യൻ യൂണിറ്റി ' & 'ഫെയ്ത്ത് & ഓർഡർ കമ്മീഷൻ ഫോർ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ്' സംയുക്തമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. നമുക്ക് അവ സി.ബി.സി.ഐ. യുടെ എക്യുമെനിക്കൽ കമ്മീഷനിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ലഭിക്കുന്നു. കെ.സി.ബി.സി കമ്മീഷൻ ഫോർ എക്യുമെനിസം & ഇന്റർ റിലീജിയസ് ഡയലോഗ് കേരളത്തിലെ ക്രൈസ്തവർക്ക് ആ സാമഗ്രികൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നു. കേരള സഭയ്ക്ക് ഈ പ്രാർത്ഥനാവാരം അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും അവസരം ആകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

**മോസ്റ്റ് റവ. ഡോ. ജേഷ്വാ മാർ ഇഗ്നാത്തിയോസ്**
**ചെയർമാൻ, സി.ബി.സി.ഐ. കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ്**
**ചെയർമാൻ, സിനഡൽ കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ്**
**മലങ്കര സുറിയാനി കത്തോലിക്ക സഭ**

**മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയോസ്**
**ചെയർമാൻ, കെ.സി.ബി.സി. കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ്.**

**ഫാ. ഡാനിയേൽ ബഥേൽ**
**സെക്രട്ടറി, കെ.സി.ബി.സി കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ്.**
**ഡയറക്ടർ, കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ്**
**പത്തനംതിട്ട ഭദ്രാസനം**

www.malankaralibrary.com

## പ്രാരംഭ ഗാനം

# സ്വാഗത വചസ്സുകൾ

# കൗമാ പ്രാർത്ഥന

**ലീഡർ** : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം** : ആദിമുതൽ എന്നേക്കും ആമ്മീൻ.

**ലീഡർ** : തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഓശാന.

**ലീഡർ** : ദൈവമേ, നീ പരിശുദ്ധനാകുന്നു.

**സമൂഹം** : ബലവാനേ, നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,
ഞങ്ങളോടു കരുണ ചെയ്യണമേ+ (മൂന്നു പ്രാവശ്യം).

**ലീഡർ** : ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

**സമൂഹം** : ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

**ലീഡർ** : ദൈവമേ നിനക്കു സ്തുതി.

**സമൂഹം** : സ്രഷ്ടാവേ നിനക്കു സ്തുതി. പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ രാജാവേ, നിനക്കു സ്തുതി. ബാറെക്മോർ.

**ലീഡർ** : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

www.malankaralibrary.com

**സമൂഹം** : നിന്റെ തിരുനാമം വിശുദ്ധമാക്കപ്പെടണമേ, നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

# ആമുഖ പ്രാർത്ഥന

**ലീഡർ :** ജീവസ്രോതസ്സായ ദൈവമേ, സർവ്വസൃഷ്ടികളെയും പരിപാലിക്കുന്നവനേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ ക്ഷണിക്കുന്നവനേ. ആയുധങ്ങളിൽ നിന്നല്ല, പരസ്പര ബഹുമാനത്തിൽ ഞങ്ങളുടെ സുരക്ഷിതത്വം സംജാതമാകട്ടെ. പണത്തിലല്ല, പങ്കുവയ്ക്കലിലാകട്ടെ ഞങ്ങളുടെ സമ്പത്ത്. ഞങ്ങളുടെ പാത അഭിലാഷങ്ങളുടേതല്ല, നീതിയുടേതാകട്ടെ. ഞങ്ങളുടെ വിജയം പ്രതികാരത്തിലല്ല, ക്ഷമിക്കുന്നതിലാകട്ടെ. ഇന്നും എന്നും ഐക്യത്തിന്റെയും നീതിയുടെയും അപ്പം പങ്കുവച്ചുകൊണ്ട്, തുറന്ന മനസ്സോടെയും ആത്മവിശ്വാസത്തോടെയും സർവ്വസൃഷ്ടിയുടെയും അന്തസ്സ് ഞങ്ങൾ പരിരക്ഷിക്കുമാറാകട്ടെ. അക്രമത്തിന് ഇരയായി ക്രൂശിക്കപ്പെട്ടിട്ടും കുരിശിന്റെ ഔന്നത്യത്തിൽനിന്നും എല്ലാവരോടും ക്ഷമിച്ച അങ്ങയുടെ പുത്രനും ഞങ്ങളുടെ സഹോദരനുമായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഈ പ്രാർത്ഥനകൾ സമർപ്പിക്കുന്നു.

**സമൂഹം:** ആമേൻ

www.malankaralibrary.com

# ഗാനം

# സ്തുതിയുടെയും നന്ദിയുടെയും ലുത്തിനിയ

**ലീഡർ :** ദൈവത്തെ സ്തുതിക്കുന്നതിനായി നമ്മുടെ ഹൃദയങ്ങളെ ഉയർത്താം. ഞങ്ങളുടെ കർത്താവേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ ഞങ്ങൾ ഒരിക്കലും പ്രത്യാശ നശിക്കാത്തവരാകുന്നതിനുവേണ്ടി അവിടുന്ന് ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് അവിടുത്തെ സ്നേഹം ചൊരിഞ്ഞിരിക്കുന്നു. അവിടുത്തെ സ്നേഹത്താൽ അവിടുന്ന് ഞങ്ങളുടെ ജീവിതങ്ങളെ സ്വതന്ത്രമാക്കുന്നു. ഞങ്ങളുടെ മുറിവേറ്റ ഹൃദയങ്ങളെ സുഖപ്പെടുത്തുന്നു. ലോകത്തുള്ള തങ്ങളുടെ എല്ലാം സഹോദരങ്ങളുടെയും മേൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും വിത്തുകൾ വിതയക്കുന്ന എല്ലാവരെയും ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.

**സമൂഹം : കർത്താവേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു**

**ലീഡർ** : നിത്യനായ ദൈവമേ, അവിടുന്ന് ഞങ്ങൾക്കു സമ്മാനമായി തന്ന, എല്ലാ മനുഷ്യരെയും വീണ്ടെടുത്ത, അവിടുത്തെ പുത്രനായ യേശുവിനെ ഓർത്ത്, ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. മാനസാന്തരത്തിന്റെ കൃപയെ ഓർത്തും, എല്ലായിടത്തുമുള്ള എല്ലാ ജനങ്ങളിലും വിതച്ചിരിക്കുന്ന വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും എല്ലാ വിത്തുകൾക്കായും ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. ശ്ലീഹന്മാരിൽ നിന്നും ഞങ്ങൾക്കു ലഭിച്ച വിശ്വാസത്തിനായും, യേശു നടത്തിയ ഐക്യത്തിനായുള്ള പ്രാർത്ഥനയ്ക്കായും, രക്ഷയുടെ സുവിശേഷം എന്ന ദാനത്തിനായും ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു

**സമൂഹം : കർത്താവേ ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു.**

**ലീഡർ** : സ്നേഹ ദൈവമേ, എല്ലാ ജനങ്ങളോടുമുള്ള അവിടുത്തെ പരിധിയില്ലാത്ത സ്നേഹത്തിന് ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഒരു കുറവുമില്ലാത്ത ഞങ്ങളുടെ ധാരണകളെ അതിലംഘിക്കുന്ന ആ മഹാസ്നേഹത്തെ ഞങ്ങൾ

www.malankaralibrary.com

ആരാധിക്കുന്നു. വംശിയമോ, ലിംഗപരമോ, സാമുഹിക പദവിപരമോ ആയ ഒരു അടിസ്ഥാനത്തിലും ഒരു തരത്തിലുമുള്ള വ്യത്യാസവും ഇല്ലാത്ത ആ സ്നേഹം എത്രയോ മഹോന്നതമാണ്. അവിടുത്തെ ഏക പുത്രനായ യേശുമിശിഹായെ ലോകത്തിലേക്ക് അയക്കുവാനും അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ജീവിതങ്ങളെ നിറയ്ക്കുവാനും മാത്രം അഗാധമായ സ്നേഹത്തിന് ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

**സമൂഹം : കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.**

# അനുതാപ ശുശ്രൂഷ

**ലീഡർ :** നല്ല ദൈവമേ ഞങ്ങളുടെ പാപങ്ങൾ ഏറ്റു പറയുന്നതിനായി ഇപ്പോൾ ഞങ്ങൾ അവിടുത്തെ സന്നിധിയിൽ അണയുന്നു.ദൈവമില്ലാത്ത സന്തോഷം തേടിക്കൊണ്ട്, സ്നേഹിക്കുവാനുള്ള കല്പന അവഗണിച്ചുകൊണ്ട്, ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും ഞങ്ങൾ മുഖം തിരിച്ചു. ഞങ്ങളുടെ സ്വാർത്ഥതയും എല്ലാം വെട്ടിപ്പിടിക്കുവാനും അടിപ്പെടുത്തുന്നതിനുമുള്ള ത്വരയും ഞങ്ങളെ ദൈവത്തിൽ നിന്നും അകറ്റി.

**നിശബ്ദത**

**ലീഡർ : കരുണയുള്ള ദൈവമേ,**

**സമൂഹം : ഞങ്ങളോട് പൊറുക്കണമെ.**

**ഞങ്ങളെ സൗഖ്യപ്പെടുത്തണമെ**

**ലീഡർ :** അപരന്റെ അന്തസ്സിനെ വില കുറച്ചു കാണുന്ന പ്രത്യയശാസ്ത്രങ്ങൾ ഞങ്ങൾ അംഗികരിക്കുമ്പോൾ ഞങ്ങൾ ഭിന്നതയുടെ മതിലുകൾ ഉയർത്തുകയാണ്. വിദ്വേഷത്തിന്റെയും അതിക്രമത്തിന്റെയും വിത്തു വിതയക്കുന്നു. പരസ്പരം സ്നേഹിക്കുന്നതിനുള്ള കർത്താവിന്റെ കല്പന ലംഘിക്കുന്നു.

**നിശബ്ദത**

**ലീഡർ : കരുണയുള്ള ദൈവമേ,**

**സമൂഹം : ഞങ്ങളോട് പൊറുക്കണമെ.**

www.malankaralibrary.com

**ഞങ്ങളെ സൗഖ്യപ്പെടുത്തണമെ**

**ലീഡർ** : ഞങ്ങൾ ഹൃദയം കഠിനമാക്കുകയും ഞങ്ങളെ തന്നെ വഞ്ചിക്കുകയും ചെയ്തു. സഹാനുഭൂതി ഇല്ലായ്മയിലൂടെ ഞങ്ങൾ ഞങ്ങളിൽ നിന്നും വ്യത്യസ്ഥരായവരിൽ യേശുവിനെ കാണുവാൻ കൂട്ടാക്കിയില്ല.

**നിശബ്ദത**

**ലീഡർ** : **കരുണയുള്ള ദൈവമേ,**

**സമൂഹം** : **ഞങ്ങളോട് പൊറുക്കണമെ.**

**ഞങ്ങളെ സൗഖ്യപ്പെടുത്തണമെ**

**ലീഡർ** : എല്ലാവരോടുമുള്ള ദൈവസ്നേഹത്തിന്റെ നിരൂപാധികവും അനന്തവുമായ സ്വഭാവത്തോട് ഞങ്ങളുടെ മനസ്സുകളും ഹൃദയങ്ങളും തുറക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു. ഈ സ്നേഹത്തോട് മറുപുറം കാണിച്ചതിലൂടെ ലോകം സ്വാർത്ഥതയാലും, അതിക്രമത്താലും, നിസ്സംഗതയാലും, അർത്ഥമില്ലായ്മയാലും നിറഞ്ഞു.

**നിശബ്ദത**

**ലീഡർ** : **കരുണയുള്ള ദൈവമേ,**

**സമൂഹം** : **ഞങ്ങളോട് പൊറുക്കണമെ.**

**ഞങ്ങളെ സൗഖ്യപ്പെടുത്തണമെ**

**ലീഡർ** :കാലത്തിന്റെ പൂർണ്ണതയിൽ എല്ലാ സൃഷ്ടികളെയും വീണ്ടെടുക്കുന്നതിനായി ഞങ്ങളുടെ കർത്താവായ യേശു മിശിഹായെ ലോകത്തിലേക്ക് അയച്ച പിതാവായ ദൈവമേ, ഞങ്ങളോടു കരുണയായിരിക്കണമെ, ഞങ്ങളുടെ പാപങ്ങൾ പെറുക്കണമെ അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ രൂപാന്തരപ്പെടുത്തണമെ.

www.malankaralibrary.com

# വചനശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

**ലീഡർ** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമെ. നിന്റെ നാമത്തിന്റെ മഹത്വത്തിനും നിന്റെ രാജ്യത്തിന്റെ വിസ്തൃതിക്കുമായി ഞങ്ങൾ ശ്രവിക്കുന്ന ഈ വചനം ഞങ്ങളിൽ ഫലമണിയുവാൻ നിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമ.

**സമൂഹം** : ആമ്മീൻ.

## പഴയ നിയമ വായന

### ഉത്പത്തി 18:1–8

## പ്രതിവാക്യ സങ്കീർത്തനം

**സങ്കീർത്തനം 138**

**ലീഡർ** : കർത്താവേ, ഞാൻ പൂർണ്ണ ഹൃദയത്തോടെ അങ്ങേക്ക് നന്ദി പറയുന്നു. ദേവന്മാരുടെ മുന്നിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. ഞാൻ അങ്ങയുടെ വിശുദ്ധ മന്ദിരത്തിന് നേരെ ശിരസ്സ് നമിക്കുന്നു. അങ്ങയുടെ കാരുണ്യത്തെയും വിശ്വസ്ഥതയെയും ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. അങ്ങയുടെ നാമവും വാഗ്ദാനവും അത്യുന്നതമാണ്.

**സമൂഹം** : **ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവിടുന്ന് എനിക്ക് ഉത്തരമരുളി.**

**ലീഡർ** : ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി. അവിടുന്ന് എന്റെ ആത്മാവിൽ ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി. കർത്താവേ ഭൂമിയിലെ സകല രാജാക്കന്മാരും അങ്ങയെ പ്രകീർത്തിക്കും. എന്തെന്നാൽ അവർ അങ്ങയുടെ വാക്കുകൾ കേട്ടിരിക്കുന്നു.

www.malankaralibrary.com

**സമൂഹം : ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവിടുന്ന് എനിക്ക് ഉത്തരമരുളി.**

**ലീഡർ** : അവർ കർത്താവിന്റെ മാർഗങ്ങളെക്കുറിച്ച് പാടും, എന്തെന്നാൽ കർത്താവിന്റെ മഹത്വം വലുതാണ്. കർത്താവ് മഹോന്നതാനാണെങ്കിലും താണവരെ കടാക്ഷിക്കുന്നു. അഹങ്കാരികളെ അകലെ വച്ചു തന്നെ അറിയുന്നു.

**സമൂഹം : ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവിടുന്ന് എനിക്ക് ഉത്തരമരുളി.**

**ലീഡർ** : കഷ്ടതകളിലൂടെ കടന്നു പോകുന്നെങ്കിലും എന്റെ ജീവൻ അവിടുന്ന് പരിപാലിക്കുന്നു. എന്റെ ശത്രുക്കളുടെ ക്രോധത്തിനെതിരെ അവിടുന്ന് കരം നീട്ടും, അവിടുത്തെ വലതുകൈ എന്നെ രക്ഷിക്കും. എന്നെക്കുറിച്ചുള്ള തന്റെ നിശ്ചയം കർത്താവ് നിറവേറ്റും. കർത്താവേ അവിടുത്തെ കാരുണ്യം അനന്തമാണ്. അങ്ങയുടെ സൃഷ്ടിയെ ഉപേക്ഷിക്കരുതെ.

**സമൂഹം : ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
അവിടുന്ന് എനിക്ക് ഉത്തരമരുളി.**

## ലേഖനം

**1 കോറിന്തോസ് 13 : 1 – 10**

## സുവിശേഷ ഗാനം

**ഹാ–ഹാ–സ്തുതി യാഗങ്ങളണച്ചീടുവിൻ
ക–ർത്തൃ– പ്രാകാരേ നിർമ്മല കാഴ്ചയുമായ്
കർത്തനെ സ്തുതി മദ്ബഹാ മുമ്പിൽ–ഹാ ....**

www.malankaralibrary.com

# സുവിശേഷ വായന

## (ലൂക്കാ 10 : 25 – 37)

# മുഖ്യപ്രഭാഷണം & സന്ദേശം

# ഗാനം

# വിശ്വാസ പ്രമാണം

ലീഡർ : **സർവ്വശക്തനായ പിതാവും,**

**സമൂഹം** : ആകാശത്തിന്റെയും ഭൂമിയുടെയും/കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ /സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും/സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും/പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവവും/ ജനിച്ചവനും, സൃഷ്ടിയല്ലാത്തവനും/സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും/സർവ്വസൃഷ്ടിക്കും ഹേതുവായവനും/ മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി /+ പരിശുദ്ധ റൂഹായിൽ നിന്നും/ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും/+ ശരീരിയായി തീർന്നു മനുഷ്യനായി/പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടു/+ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ടു/ തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു/സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും/ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും/തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനും/ഏക കർത്താവുമായ യേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു.

www.malankaralibrary.com

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും/ പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും/നിബിയന്മാരും ശ്ലീഹൻമാരും മുഖാന്തരം സംസാരിച്ചവനുമായി/ ജീവനും പരിശുദ്ധിയുമുള്ള ഏക റൂഹായിലും/കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമ്മോദീസാ ഒന്നു മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞു/ മരിച്ചുപോയവരുടെ ഉയർപ്പിനും/ വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

# മധ്യസ്ഥ പ്രാർത്ഥനകൾ

**ലീഡർ** : ദൈവത്തെയും തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുവാനുള്ള ദൈവവിളി ജിവിക്കുന്നതിന് വിളിക്കപ്പെട്ടവരാണ് നാം. ഈ വിളിയോടുള്ള പ്രതിബദ്ധത നവീകരിക്കുമ്പോൾ ഈ സ്നേഹം ക്രൈസ്തവർ എന്ന നിലയിലുള്ള നമ്മുടെ ഐക്യം കൂടതൽ ബലപ്പെടുത്തട്ടെ.

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ;**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ.**

**ലീഡർ** : പൂർണ്ണ ഹൃദയത്തോടെ ദൈവ സ്നേഹത്തിൽ വസിക്കുവാനും നമ്മുടെ സഹോദരങ്ങളെ നമ്മെപ്പോലെ സ്നേഹിക്കുവാനും നമുക്ക് കൃപ ലഭിക്കട്ടെ. പരിധികളില്ലാത്ത സ്നേഹമായ ദൈവമേ, അവിടുത്തെ പരിധികളില്ലാത്ത കരുണയും അവിടുത്തെ അനന്ത സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കുന്നതിനുള്ള ദാഹവും ലോകമാകെ അറിയട്ടെ.

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ;**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ**

www.malankaralibrary.com

**ലീഡർ** : തന്നെ പിൻചൊല്ലുന്ന എല്ലാവരുടെയും ഐക്യത്തിനായി പ്രാർത്ഥിച്ച യേശുവിനോടൊപ്പം ചേർന്ന് നമുക്കു പ്രാർത്ഥിക്കാം. കൂട്ടായമയുടെ ദൈവമേ, അവിടുത്തെ ഉപരിമഹത്വത്തിനായും രക്ഷയുടെ സുവിശേഷം എല്ലാവരിലും എത്തുന്നതിനായും ഞങ്ങൾ പ്രാർത്ഥിക്കുന്നു

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ;**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ.**

**ലീഡർ** : ഞങ്ങളുടെ ലോകത്തിലെ ഭിന്നതയും ആശയക്കുഴപ്പവും മൂലം ഞങ്ങളുടെ ഹൃദയങ്ങൾ പിളർന്ന രിക്കുന്നു. ഞങ്ങളുടെ സൗഖ്യമായ ദൈവമേ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിപ്പോയ ഞങ്ങൾ, ഒരു ഗണമായി ഞങ്ങളെ ഒന്നിച്ചു കൂട്ടണമെ എന്ന് അങ്ങയോടു പ്രാർത്ഥിക്കുന്നു. അവിടുത്തെ ആത്മാവിനാൽ ഞങ്ങളെ ജിവിപ്പിക്കണമെ, ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി ഞങ്ങളെ വീണ്ടും അയക്കണമെ.

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ;**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ.**

**ലീഡർ** : ഭീകരപ്രവർത്തനങ്ങളും അതിക്രമങ്ങളും മൂലം ഞങ്ങളുടെ ലോകം മുറിവേറ്റിരിക്കുന്നു. അഭയവും സുരക്ഷിതത്വവും തേടി ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പലായനം ചെയ്യേണ്ടി വരുന്നു. എല്ലാവരെയും സ്വാഗതം ചെയ്യുന്നദൈവമേ, അപരിചിതനെ, അവരുടെ മുറിവുകൾ ഉണക്കിക്കൊണ്ട് അവരോട് ഐകൃദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ആശ്ലേഷിക്കുന്ന സാഹസത്തിനുള്ള കൃപ ഞങ്ങൾക്ക് നല്കണമെ. കരുണയും ദയയും ഉള്ളവരാകുന്നതിനുള്ള തീരുമാനത്തിൽ ഉറച്ചു നിൽക്കുവാനും ഞങ്ങളുടെ സഹോദരി സഹോദരങ്ങളോട് എപ്പോഴും അങ്ങ് പെരുമാറുന്നതുപോലെ പെരുമാറുന്നതിനും കരുത്തുപകരണമെ.

www.malankaralibrary.com

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ;**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ.**

**ലീഡർ :** ഞങ്ങളുടെ ബലഹിനതയും ഭയവും കൊണ്ട് ഞങ്ങളുടെ സഹായം ആവശ്യമുള്ളവരിൽ നിന്നു മുഖം തിരിക്കുന്ന ഞങ്ങൾ പലപ്പോഴും മറുഭാഗത്താണ് നിൽക്കുക. ബലവാനായ ദൈവമേ, ഞങ്ങളുടെ കണക്കിലെടുക്കാതെ, അവിടുത്തെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും അനുഭവിക്കുന്നതിന് ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കണമെ. അങ്ങനെ ഞങ്ങൾ അങ്ങയെയും ഞങ്ങളെ പ്പോലെ ഞങ്ങളുടെ സഹോദരങ്ങളെയും കൂടുതൽ കൂടുതൽ സ്നേഹിക്കട്ടെ.

**സമൂഹം : അവിടുത്തെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെ.**
**അങ്ങയിൽ ഞങ്ങളെ ഒന്നാക്കണമെ**

## ഗാനം

(ഈ സമയത്ത് കാണിക്ക സ്വീകരിക്കാവുന്നതാണ്.)

# ക്രൈസ്തവ ഐക്യ പ്രാർത്ഥന

**ലീഡർ :** ഞങ്ങൾ എല്ലാവരും ഒന്നാകണമെന്ന് പ്രാർത്ഥിച്ച കർത്താവായ യേശുവേ, അവിടുത്തെ തിരുമനസ്സുപോലെ അവിടുത്തെ മാർഗങ്ങളിലൂടെയുള്ള ക്രൈസ്തവ ഐക്യത്തിനു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നതിനും ഞങ്ങളുടെ പാപങ്ങൾ കാണുന്നതിനും എല്ലാ പ്രതീക്ഷകൾക്കുമുപരി പ്രതീക്ഷിക്കുന്നതിനും അവിടുത്തെ ആത്മാവ് ഞങ്ങളെ പ്രാപ്തരാക്കട്ടെ.

**സമൂഹം : ആമ്മേൻ.**

www.malankaralibrary.com

# സമാപന പ്രാർത്ഥന

**ലീഡർ** : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. എല്ലാവരും ഒന്നാകാൻ വേണ്ടി പുത്രൻ തമ്പുരാൻ അവിടുത്തോട് പ്രാർത്ഥിച്ചതുപോലെ ഞങ്ങളും പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നീ ഞങ്ങളോട് വാഗ്ദാനം ചെയ്തപ്രകാരം ഒരിടയനും ഒരു തൊഴുത്തുമെന്ന സ്വപ്നസാക്ഷാത്കാരത്തിനായി ഞങ്ങൾ അപേക്ഷിക്കുന്നു. അവിടുത്തെ അനന്തമായ കരുണയാലും ഔദാര്യത്താലും സത്യം തിരിച്ചറിയാൻ തക്കവിധം പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമേ. സ്നേഹവും സമാധാനവും സന്തോഷവും ഞങ്ങളിൽ നിറയ്ക്കണമേ. ഐക്യത്തിന്റെ കാഹളനാദം ഞങ്ങളുടെ ഇടയിൽ മുഴങ്ങി കേൾക്കുവാൻ ഈ പ്രാർത്ഥന വഴിയായി ഇടയാക്കേണമേ.

**സമൂഹം : ആമ്മേൻ.**

**ലീഡർ** : നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുപദേശിച്ചുകൊണ്ട്, ശിഷ്യന്മാരെ പഠിപ്പിച്ച വിശിഷ്ടമായ പ്രാർത്ഥന, നിന്നിൽ നിന്നു ലഭിച്ച മനോവിശ്വാസത്തോടെ ആവർത്തിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ............**

**സമൂഹം** : നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ, നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com

**ലീഡർ** : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ

**സമൂഹം** : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**ലീഡർ** : സഹോദരരെ, മിശിഹായുടെ സ്നേഹത്തിൽ നമുക്ക് പരസ്പരം സമാധാനം ആശംസിക്കാം.(എല്ലാവരും

പരസ്പരം സമാധാനം ആശംസിക്കുന്നു)

## ഗാനം

# ആശീർവാദ പ്രാർത്ഥന

**ലീഡർ :** കർത്താവായ ദൈവം നിങ്ങളെ ആശീർവദിച്ച് സംരക്ഷിക്കുമാറാകട്ടെ. നിങ്ങളുടെ ഹൃദയങ്ങളിൽ ആർദ്രതയും ആത്മാവിൽ ആനന്ദവും കാതുകളിൽ സംഗീതവും നാസാദ്വാരങ്ങളിൽ സുഗന്ധവും നാവിൽ പ്രതീക്ഷ നൽകുന്ന ഗാനവും നിറയ്ക്കട്ടെ. ക്രൈസ്തവ ഐക്യത്തിന്റെ പാതയിൽ നാം മുമ്പോട്ട് നീങ്ങുമ്പോൾ പരസ്പരം സ്വാഗതം ചെയ്യാനും സ്വീകരിക്കുവാനും ആതിഥ്യമര്യാദ പ്രകടിപ്പിക്കാനും നമ്മെ പഠിപ്പിക്കുന്ന ദൈവം നമുക്ക് സമാധാനവും പ്രശാന്തിയും നൽകുമാറാകട്ടെ.

**സമൂഹം: ആമേൻ**

# സമാപനാശീർവ്വാദം

കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും കാക്കുകയും ചെയ്യട്ടെ; കർത്താവ് തന്റെ മുഖം നിങ്ങളുടെമേൽ പ്രകാശിപ്പിക്കുകയും നിങ്ങളോട് കൃപ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് തന്റെ മുഖം നിങ്ങളുടെ മേൽ ഉയർത്തട്ടെ.നിങ്ങൾക്ക് സമാധാനവും നൽകട്ടെ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏക ജാതന്റെ കൃപയും പരിശുദ്ധാതമാവിന്റെ സംസർഗവും ആവാസവും നാമെല്ലാവരുടെമേലും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ.

**സമൂഹം: ആമേൻ**

www.malankaralibrary.com

# ബൈബിൾ വിചിന്തനങ്ങളും
## എട്ട് ദിവസത്തെ പ്രാർത്ഥനകളും
# ഒന്നാം ദിവസം

**ലൂക്ക 10:25**

ഒരു നിയമജ്ഞൻ എഴുന്നേറ്റു നിന്ന് അവനെ പരീക്ഷിക്കുവാനായി ചോദിച്ചു. 'ഗുരോ, നിത്യജിവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം.?

**കർത്താവേ, അങ്ങേയെ ലക്ഷ്യം വയ്ക്കുന്ന ഒരു ജിവിതത്തിനായി സഹായിക്കണമെ.**

**മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ**

**റോമ.14:8-9**

**സങ്കി.103:13-1**

**ധ്യാനം**

"നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം" നിയമജ്ഞൻ ഈശോയോടു ചോദിച്ച ഈ ചോദ്യം എല്ലാ ദൈവവിശ്വാസികളെയും വെല്ലുവിളിക്കുന്നു. നമ്മുടെ ഈ ലോക ജീവിതത്തിന്റെ അർത്ഥത്തെയും നിത്യതയെയും ബാധിക്കുന്നു. ബൈബിളിന്റെ വേറൊരു ഭാഗത്ത് ഈശോ നിത്യ ജീവിതത്തിന്റെ അന്തിമ നിർവചനം തരുന്നുണ്ട്... 'ഏക സത്യ ദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക' എന്നതാണ് നിത്യ ജീവൻ (യോഹ.17.3). ദൈവത്തെ അറിയുക എന്നാൽ നമ്മുടെ ജിവിതത്തെക്കുറിച്ചുള്ള അവിടുത്തെ ഹിതം തിരിച്ചറിഞ്ഞ് നിറവേറ്റുക എന്നാണ്. പൂർണ്ണതയും സത്യവും നിറഞ്ഞ ജീവിതമാണ് ഓരോ വ്യക്തയുടെയും സ്വപ്നം. ദൈവം ഇതാണ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും. (യോഹ.10.10). വി. ഇരണേവൂസ് പറയുന്നു. 'പൂർണ്ണമായി ജീവിക്കുന്ന ഒരു വ്യക്തിയാണ് ദൈവത്തിന്റെ മഹത്വം.'

ഭിന്നതകളും സ്വാർത്ഥതയും സഹനവും എല്ലാം നിറഞ്ഞ ജീവിതത്തിലെ പച്ചയായ യഥാർത്ഥ്യങ്ങൾ ദൈവത്തോടുള്ള ദാഹത്തിൽ നിന്നും പലപ്പോഴും നമ്മെ അകറ്റുന്നു. തന്റെ എല്ലാ മക്കളെയും തന്റെ നിത്യജീവൻ കൊണ്ട് നിറയ്ക്കുവാൻ ആഗ്രഹിക്കുന്ന പിതാവുമായുള്ള ഏറ്റവും തീക്ഷണമായ കൂട്ടാ

www.malankaralibrary.com

യ്മയുടെ രഹസ്യം ജിവിച്ചവനാണ് ഈശോ. നമ്മുടെ പരമോന്നത ലക്ഷ്യമായ പിതാവിലേക്ക് നയിക്കുന്ന വഴിയാണ് ഈശോ.

അതുകൊണ്ട് നിത്യജീവനു വേണ്ടിയുള്ള നമ്മുടെ ദാഹം നമ്മെ ഈശോയോട് കൂടുതൽ അടുപ്പിക്കുന്നു. ക്രൈസ്തവ ഐക്യത്തിന്റെ പാതയിൽ നമ്മുടെ അടുപ്പത്തെ കൂടുതൽ ശക്തമാക്കുന്നു. ഒരു ദിവസം കർത്താവിന്റെ മേശയിൽ ഒന്നിച്ചായിരിക്കുന്നതിനുള്ള പ്രാർത്ഥനയോടെ എല്ലാ സഭകളിലുമുള്ള ക്രൈസ്തവരുമായുള്ള സഹകരണത്തിനും സൗഹൃദത്തിനുമായി നമുക്ക് കൂടുതൽ തുറവിയുള്ളവരാകാം.

**പ്രാർത്ഥന**

ജിവന്റെ ദൈവമേ, ഞങ്ങൾക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമാകുന്നതിനും വേണ്ടി അവിടുന്ന് ഞങ്ങളെ സൃഷ്ടിച്ചു.

ഞങ്ങളുടെ സഹോദരി സഹോദരങ്ങളിൽ നിത്യജീവനായുള്ള ദാഹം ഞങ്ങൾ തിരിച്ചറയിട്ടെ.

നിശ്ചയദാർഢ്യത്തോടെ ഈശോയുടെ പാതയിലൂടെ പിൻചൊല്ലുന്ന ഞങ്ങൾ, മറ്റുള്ളവരെയും ആ പാതയിലൂടെ നയിക്കട്ടെ. അവിടുത്തെ നാമത്തിൽ ഞങ്ങൾ നടത്തുന്ന പ്രാർത്ഥന സ്വികരിക്കണമെ. ആമ്മേൻ.

# രണ്ടാം ദിവസം

**ലൂക്ക 10:27**

“നിയമജ്ഞൻ ഉത്തരം പറഞ്ഞു. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസോടും കൂടെ സ്നേഹിക്കണം. നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും.”

**കർത്താവേ അങ്ങയെയും, എന്റെ സഹോദരനെയും എന്നെയും എനിക്കുള്ളതെല്ലാം വച്ച് സ്നേഹിക്കുവാൻ എന്നെ സഹായിക്കണമെ**

**മറ്റ് വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ**

**നിയമാവർത്തനം 10:12-13**

**സങ്കീർത്തനം 1:33**

www.malankaralibrary.com

**ധ്യാനം**

നിയമജ്ഞന്റെ ഉത്തരം ലളിതമാണെന്ന് തോന്നാം. ദൈവത്തിന്റെ സുപ്രസിദ്ധമായ കല്പനകളിൽ നിന്നും എടുക്കപ്പെട്ടത്. എങ്കിലും നമ്മെ സ്നേഹിക്കുന്നതുപോലെ ദൈവത്തെയും നമ്മുടെ സഹോദരങ്ങളെയും സ്നേഹിക്കുക പലപ്പോഴും വളരെ ബുദ്ധിമുട്ടാണ്.

ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അവിടുത്തെ കല്പന ആഴമായ പ്രതിബദ്ധത അനിവാര്യമാക്കുന്നു; ഒപ്പം സമ്പൂർണ്ണമായ സ്വയം പരിത്യാഗവും. അതായത് ദൈവഹിതം നിറവേറ്റുന്നതിന് നമ്മുടെ ഹൃദയങ്ങളെയും മനസുകളെയും പൂർണ്ണമായി സമർപ്പിക്കുക. നമുക്ക് ' എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നിറവേറണം' (ലൂക്ക 22:42) എന്ന് പറഞ്ഞുകൊണ്ട് സമ്പൂർണ്ണമായി സ്വയം സമർപ്പിച്ച ഈശോയുടെ മാതൃക പിൻചൊല്ലുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. അവിടുന്ന് തന്റെ ശത്രുക്കളടക്കം എല്ലാവരോടും ഉള്ള സ്നേഹം പ്രകടമാക്കി. നമുക്ക് നമ്മുടെ അയൽക്കാരെ തെരഞ്ഞെടുക്കാനാവില്ല. അവരെ സ്നേഹിക്കുക എന്നാൽ അവരുടെ ആവശ്യങ്ങളോട് കരുതലുണ്ടാവുക എന്നാണ്. അവരുടെ കുറവുകൾ അംഗികരിക്കുക എന്നതാണ്. അവരുടെ മോഹങ്ങളെയും സ്വപ്നങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ്.

സഹോദരനെ നിങ്ങളെപ്പോലെ സ്നേഹിക്കുന്നതിനുള്ള വിളി, എപ്പോഴും ക്ഷമിക്കുന്നതിന് സന്നദ്ധനായിക്കൊണ്ട് ദൈവത്തിന് നമ്മുടെ നേരെയുള്ള അനുകമ്പാർദ്രമായ നോട്ടത്തെക്കുറിച്ചുള്ള ബോധത്തോട നമ്മെ നാം ആയിരിക്കുന്ന വിധത്തിൽ അംഗികരിക്കുന്നതിനുള്ള ആവശ്യത്തെയും ഓർമ്മിപ്പിക്കുന്നു. നാം ദൈവത്തിന്റെ വത്സല സൃഷ്ടികളാണെന്ന് ഓർമ്മിക്കുക. നിങ്ങളെ തന്നെ ബഹുമാനിക്കുക. നിങ്ങളോടു തന്നെ സമധാനത്തിൽ ആയിരിക്കുക. അതുപോലെ, എല്ലാം പരിശുദ്ധാത്മവിൽ പുരനരുദ്ധരിക്കുന്ന പിതാവിന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ട് നമുക്ക് നമ്മുടെ സഭയെയും അല്ലെങ്കിൽ സമുഹത്തെയും അതിന്റെ വീഴ്ചകളോടെ അംഗികരിക്കുകയും സ്നേഹി

www.malankaralibrary.com

ക്കുകയും ചെയ്യുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

## പ്രാർത്ഥന

കർത്താവേ അങ്ങയെ, ഞങ്ങളുടെ പൂർണ്ണ സത്തയോടും കൂടെ സ്നേഹിക്കുന്നതിനായി കൂടുതൽ ആഴത്തിൽ അറിയുന്നതിനുള്ള കൃപ തരണമെ.

ഞങ്ങളെപ്പോലെ ഞങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുന്നതിനായി ഞങ്ങൾക്ക് നിർമ്മലമായ ഒരു ഹൃദയം തരണമെ.അങ്ങ് ഞങ്ങളെ സ്നേഹിച്ചതുപോലെ നിരുപാധികം പരസ്പരം സ്നേഹിക്കുന്നതിനായി ഞങ്ങളുടെ സഹോദരി സഹോദരങ്ങളിൽ അവിടുത്തെ സാന്നിധ്യം കാണുന്നതിന് ഞങ്ങളെ പ്രാപ്തരാക്കുന്നതിന് അവിടുത്തെ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വർഷിക്കണമെ. കർത്താവായ ഈശോ വഴി ഞങ്ങൾ നടത്തുന്ന പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ

# മൂന്നാം ദിവസം

**ലൂക്ക 10:29**

ആരാണ് എന്റെ സഹോദരൻ? (അയൽക്കാരൻ)? ഞങ്ങൾ കാണാത്തവരെ കാണുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കണമെ.

**മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ**

**റോമ 13:8-10**

**സങ്കീർത്തനം 119:57-6ധ്യാനം**

താൻ സ്നേഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന തന്റെ അയൽക്കാരൻ തന്റെ മതത്തിലും ജനതയിലും പെട്ടവനാണ് എന്ന ചിന്തയിൽ നിയമജ്ഞൻ സ്വയം ന്യായികരിക്കുവാൻ നോക്കുന്നു. ഇത് സ്വഭാവികമായ മാനുഷിക വികാരമാണ്. നാം വീട്ടിലേക്ക് അതിഥികളെ ക്ഷണിക്കുമ്പോൾ മിക്കവാറും അവർ നമ്മുടെ സാമൂഹിക പദവി ഉള്ളവരായിരിക്കും. നമ്മുടെ ജീവിത വീക്ഷണവും മുല്യങ്ങളും ഉള്ളവരും ആയിരിക്കും. പരിചയമുള്ള ഇടങ്ങളെ പരിഗണിക്കുന്നതിന് ഒരു മാനുഷിക വികാരം ഉണ്ട്. നമ്മുടെ സഭാ സമുഹങ്ങളുടെ കാര്യത്തിലും ഇതാണ് സത്യം. എന്നാൽ ഈശോ, മതമോ സംസ്ക്കാരമോ സാമുഹിക പശ്ചാത്തലമോ കണക്കിലെടുക്കാതെ എല്ലാവരെയും സ്നേഹിക്കുവാനും സ്വാഗതം

www.malankaralibrary.com

ചെയ്യുവാനുമുള്ള അവരുടെ കടമ അനുസ്മരിപ്പിച്ചു കൊണ്ട് നിയമജ്ഞനെയും തന്റെ മുന്നിലുള്ള കേൾവിക്കാരുടെ വലിയ സമുഹത്തെയും തങ്ങളുടെ തന്നെ പാരമ്പര്യത്തിന്റെ ആഴത്തി ലേക്ക് കൊണ്ടു പോവുകയാണ്.

നമ്മെപ്പോലെയുള്ളവരെ സ്നേഹിക്കുന്നതിൽ അസാ ധാരണമായി ഒന്നും ഇല്ലെന്ന് സുവിശേഷം പറഞ്ഞു തരുന്നു. മാനുഷികത എന്നാൽ എന്താണ് എന്നതിനെക്കുറിച്ച് വളരെ വിപ്ല വകരമായ ഒരു ദർശനത്തിലേക്ക് ഈശോ നമ്മെ നയിക്കുകയാ ണ്. ക്രിസ്തു നമ്മിൽ നിന്നും പ്രതിക്ഷിക്കുന്നത് എന്തെന്ന് വളരെ ദൃശ്യമായ വിധത്തിൽ ഉപമ വിവരിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ വിശാലമായി തുറക്കുക. അവിടുത്തെ വഴിയിലൂടെ നടക്കുക. അവി ടുന്ന് സ്നേഹിക്കുന്നതുപോലെ സഹോദരങ്ങളെ സ്നേഹിക്കു ക. വാസ്തവത്തിൽ ഈശോ മറ്റൊരു ചോദ്യത്തിലുടെ നിയമ ജ്ഞന് ഉത്തരം കൊടുക്കുന്നു " ആരാണ് നിന്റെ സഹോദരൻ" എന്നതല്ല "ആവശ്യത്തിൽ പെട്ടവന് ആര് സഹോദരനായി "എന്ന താണ് ആ ചോദ്യം.

ബന്ധങ്ങളുടെ മുന്നിലേക്ക് അവിശ്വാസവും അനി ശ്ചിതാവസ്ഥയും കടന്നു വരുമ്പോൾ അരക്ഷിതാവസ്ഥയുടെയും ഭീതിയുടെയും നിമിഷങ്ങൾ നമ്മെ വേട്ടയാടുന്നു. ഉപമ ഉയർത്തുന്ന ഇന്നത്തെ വെല്ലുവിളി അതാണ്. ' ഞാൻ ആർക്കാണ് അയൽക്കാരൻ ആവുന്നത്'?

## പ്രാർത്ഥന

ഞങ്ങളുടെ ഹൃദയങ്ങളിൽ സ്നേഹം എഴുതിയ സ്നേഹമാകുന്ന ദൈവമെ, ഞങ്ങൾക്ക് അപ്പുറത്തേക്ക് നോക്കു വാനും ഞങ്ങളിൽ നിന്നും ഭിന്നരായവരിൽ ഞങ്ങളുടെ സഹോ ദരങ്ങളെ കാണുന്നതിനും ഉള്ള ധൈര്യം ഞങ്ങളിൽ നിറയ്ക്ക ണമെ. അങ്ങനെ എന്നും എപ്പോഴും കർത്താവായി വാഴുന്ന ഞങ്ങ ളുടെ സഹോദരനും സൃഹുത്തുമായ ഈശോ മിശിഹായെ സത്യ മായി പിൻചൊല്ലുന്ന യഥാർത്ഥ ക്രിസ്തു ശിഷ്യരാകട്ടെ. ആമ്മേൻ

www.malankaralibrary.com

# നാലാം ദിവസം

**ലൂക്ക 10:31**

"അവനെ കണ്ട് മറു വശത്തു കൂടി കടന്നു പോയി."

**നാം ഒരിക്കലും ആവശ്യക്കാരനെ കടന്നു പോകാതിരിക്കുന്നതിന്**

**മറ്റ് വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ**

**ഏശയ്യ 58:6–9**

**സങ്കീർത്തനം 34:15–22**

**ധ്യാനം**

മറു വശത്തു കൂടി കടന്നു പോയ പുരോഹിതനും ലെവായനും സഹായിക്കാതെ കടന്നു പോകുന്നതിന് തക്കതായ മതപരമായ ന്യായങ്ങൾ ഉണ്ടാവാം. ചില മതപരമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനായി പോവുകയായിരിക്കാം അവർ. അതു കൊണ്ട് അവിടെകിടന്ന മനുഷ്യൻ മരിച്ചവനായിരുന്നു എങ്കിൽ അവർ അടുത്തു ചെന്നാൽ ആചാരപരമായ അശുദ്ധിയാവും. ഈശോ പല അവസരങ്ങളിലും മതപരമായ നിയമങ്ങൾ എപ്പോഴും നന്മ ചെയ്യണം എന്ന കടമയുടെ മുകളിലാക്കപ്പെടുന്നതിനെ കുറ്റപ്പെടുത്തിയിരുന്നു.

പ്രാർത്ഥനാ വാരത്തിനായുള്ള സുവിശേഷ ഭാഗത്തിന്റെ തുടക്കത്തിൽ നിയമജ്ഞൻ സ്വയം ന്യായികരിക്കുന്നതിനായി ശ്രമിക്കുന്ന കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉപമയിലെ പുരോഹിതനും ലെവായനും തങ്ങൾ ചെയ്തതിനെ ന്യായികരിക്കുന്നവരാണ്. ക്രൈസ്തവരായ നാം പതിവുകൾക്കപ്പുറം കടക്കുവാൻ എത്രമാത്രം സന്നദ്ധരാണ്?. പലപ്പോഴും നമ്മുടെ സഭാപരവും സംസ്ക്കാരപരവുമായി പരുവപ്പെട്ട ഹ്രസ്വദൃഷ്ടി മറ്റു ക്രൈസ്തവ പാരമ്പര്യങ്ങളിലെ സഹോദരി സഹോദരങ്ങളുടെ ജീവിതവും സാക്ഷ്യവും വെളിപ്പെടുത്തുന്നവ കാണുവാൻ കൂട്ടാക്കാറില്ല. നമ്മുടെ സഹ ക്രൈസ്തവരിലൂടെ ദൈവം സ്നേഹം വെളിപ്പെടുന്നത് എങ്ങനെ എന്ന് കാണുവാൻ നാം കണ്ണുകൾ തുറന്നാൽ നാം അവരിൽ കൂടുതൽ ആകൃഷ്ടരാവും. അവരുമായി ആഴത്തിലുള്ള ബന്ധത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും.

www.malankaralibrary.com

ഈശോയുടെ ഈ ഉപമ നന്മ ചെയ്യുവാൻ മാത്രമല്ല നമ്മുടെ കാഴ്ചപ്പാട് വിശാലമാക്കുന്നതിനും നമ്മെ വെല്ലുവിളിക്കുന്നു. നമ്മുടെ വിശ്വാസവും മതപരമായ ബോധ്യങ്ങളും മാത്രം പങ്കുവയ്ക്കുന്നവരിൽ നിന്നു മാത്രമല്ല എന്താണ് വിശുദ്ധവും നല്ലതും എന്ന് പഠിക്കുക. പിന്നെയോ പലപ്പോഴും നമ്മിൽ നിന്നും ഭിന്നരായവരിൽ നിന്നു കൂടിയാണ്. നല്ല സമരിയക്കാരൻ പലപ്പോഴും നാം പ്രതികഷിക്കാത്ത ഒരാളാണ്.

**പ്രാർത്ഥന**

കർത്താവായ യേശു ക്രിസ്തുവേ, അങ്ങയോടൊപ്പം ഐക്യത്തിലേക്ക് യാത്ര ചെയ്യുമ്പോൾ ഞങ്ങളുടെ കണ്ണുകൾ അകലേക്ക് മാത്രം നോക്കാതിരിക്കട്ടെ. പിന്നെയോ ലോകത്തിലേക്ക് തുറന്ന് നോക്കുന്നവയാകട്ടെ. ജീവിതയാത്രയിൽ, ഞങ്ങൾ ഇടയ്ക്ക് നിൽക്കുവാനും ആവശ്യക്കാരനെ കാണുവാനും മുറിവേറ്റവനെ വച്ചുകെട്ടുവാനും അതിലൂടെ അവരിൽ ഇന്നും എന്നും എപ്പോഴും ജീവിച്ചു വാഴുന്ന അങ്ങയുടെ സാന്നിധ്യം അനുഭവിക്കുവാനും ഇടയാകട്ടെ. ആമ്മേൻ

# അഞ്ചാം ദിവസം

**ലൂക്ക 10:34**

"അവനെ കണ്ട് മനസലിഞ്ഞ് അടുത്തു ചെന്ന് എണ്ണയും വീഞ്ഞും ഒഴിച്ച് അവന്റെ മുറിവുകൾ വച്ചു കെട്ടി."

**മുറിവുകൾ കാണുവാനും പ്രത്യാശ കണ്ടെത്തുവാനും കർത്താവെ സഹായിക്കണമെ**

**മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ**

**ജോയേൽ 2:23-27**

**സങ്കീർത്തനം 104:14-15, 27-30**

**ധ്യാനം**

സമരിയക്കാരൻ തന്റെ വിഭവങ്ങളിൽ നിന്നും തനിക്കാവുന്നത് ചെയ്തു. അവൻ വീഞ്ഞും എണ്ണയും ഒഴിച്ചു. പരിക്കേറ്റു കിടന്നവന്റെ മുറിവുകൾ വച്ചു കെട്ടി,

www.malankaralibrary.com

തന്റെ കഴുതയുടെ പുറത്ത് ഇരുത്തി. അവൻ ഒരു പടി കൂടി കടന്നു കൂടുതൽ ചെലവുകൾ ഉണ്ടായാൽ അതും വഹിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തു. സമരിയാക്കാരന്റെ കണ്ണുകളിലൂടെ നാം ലോകത്തെ കാണുമ്പോൾ, ഓരോ സാഹചര്യവും മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള അവസരമായി മാറും. ഇവിടെയാണ് സ്നേഹം പ്രകടമാക്കപ്പെടുന്നത്. നമ്മുടെ അയൽക്കാരനോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത് എന്ന് സ്വയം ചോദിക്കുവാൻ നല്ല സമരിയാക്കാരന്റെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നു. അദ്ദേഹം വീഞ്ഞും എണ്ണയും നല്കി അവനെ ഉന്മേഷം കൊടുത്ത് പ്രത്യാശ ഉണർത്തി. മുറിക്കപ്പെട്ട ഒരു ലോകത്തെ സൗഖ്യപ്പെടുത്തുന്ന ദൈവിക ദൗത്യത്തിൽ പങ്കാളിയാകുന്നതിന് നമുക്ക് എന്താണ് നൽകുവാനാവുക? നമ്മുടെ ലോകത്തിൽ അരക്ഷിതചിന്തയായി, ഭയമായി, അവിശ്വാസമായി, ഭിന്നതയായി എല്ലാം ഈ മുറിവു പ്രകടമാകുന്നു. ക്രൈസ്തവർക്കിടയിലും ഈ ഭിന്നത ഉണ്ട് എന്നത് അപമാനകരമായ യാഥാർത്ഥ്യമാണ്. നാം കൂദാശകൾ പരികർമ്മം ചെയ്യുകയും സൗഖ്യപ്പെടുത്തിലിന്റെയും അനുരജ്ഞനത്തിന്റെയും സാന്ത്വനത്തിന്റെയും മറ്റ് അനുഷ്ഠാനങ്ങൾ മിക്കവാറും എണ്ണയും വീഞ്ഞും ഉപയോഗിച്ച് നടത്തുകയും ചെയ്യുമ്പോഴും ക്രിസ്തുവിന്റെ ശരിരത്തെ മുറിപ്പെടുത്തുന്ന ഭിന്നതകൾ നാം കാത്തുസൂക്ഷിക്കുന്നു. നമ്മുടെ ക്രൈസ്തവ ഭിന്നതകളുടെ സൗഖ്യപ്പെടൽ ജനതകളുടെ സൗഖ്യപ്പെടലിനെ വളർത്തുന്നതാണ്.

## പ്രാർത്ഥന

കൃപാസമൃദ്ധനായ ദൈവമേ, എല്ലാ നന്മയുടെയും സ്നേഹത്തിന്റെയും സ്രോതസാണല്ലോ അവിടുന്ന്. ഞങ്ങളുടെ അയൽക്കാരുടെ ആവശ്യങ്ങൾ അറിയുന്നതിന് ഞങ്ങളെ പ്രാപ്തരാക്കണമെ.

സൗഖ്യം കൊണ്ടുവരുന്നതിന് എന്തു ചെയ്യണം എന്ന് ഞങ്ങൾക്കു കാണിച്ചു തരണമെ.

www.malankaralibrary.com

ഞങ്ങളുടെ സഹോദരി സഹോദരങ്ങളെ സ്നേഹിക്കുന്നതിന് ഞങ്ങളെ രൂപാന്തരപ്പെടുത്തണമെ. ഭിന്നതയുടെ തടസങ്ങൾ നീക്കുവാൻ ഞങ്ങളെ സഹായിക്കണമെ.അങ്ങനെ ഞങ്ങൾ പൊതു നന്മക്കായി സമാധാനത്തിന്റെ ഒരു ലോകം നിർമ്മിക്കട്ടെ.

അവിടുത്തെ സൃഷ്ടിയെ നവീകരിക്കുന്നതിനും പ്രത്യാശ നിറഞ്ഞ ഒരു ഭാവിയിലേക്ക് ഞങ്ങളെ നയിക്കുന്നതിനും ഞങ്ങൾ നന്ദി പറയുന്നു. ഇന്നലെയും ഇന്നും എന്നു എല്ലാറ്റിന്റെയും കർത്താവാണല്ലോ അങ്ങ്. ആമ്മേൻ

# ആറാം ദിവസം

**ലൂക്ക 10:34**

"തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സ്ത്രത്തിൽ കൊണ്ടു ചെന്ന് പരിചരിച്ചു".

**കർത്താവേ പാവപ്പെട്ടവർക്ക് അഭയം കൊടുക്കുന്ന സത്രങ്ങളാക്കി ഞങ്ങളുടെ ദേവാലയങ്ങളെ മാറ്റണമെ**

**മറ്റ് വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ**
**ഉത്പത്തി 18:4-5**
**സങ്കീർത്തനം 5:11-12**

**ധ്യാനം**

കവർച്ചക്കാരുടെ കൈകളിൽ പെട്ടു പോയ മനുഷ്യനെ ഒരു സമരിയക്കാരൻ ശുശ്രൂഷിക്കുന്നു. എല്ലാം മുൻവിധിക്കും കാഴ്ചപ്പാടിനും അപ്പുറം സമരിയാക്കാരൻ ഉയരുന്നു.സഹായം ആവശ്യമുള്ള ഒരുവനെ അവൻ കണ്ടു. അവനെ സത്രത്തിലെത്തിച്ചു.പിറ്റേന്ന് രണ്ട് ദനാറ എടുത്ത് അത് സത്രക്കാരന് കൊടുത്തിട്ടു പറഞ്ഞു ഇവനെ നോക്കിക്കൊള്ളണം. കൂടുതൽ വല്ലതും ചെലവായാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നു കൊള്ളാം. (ലുക്ക.10.35)

www.malankaralibrary.com

എല്ലാ മനുഷ്യസമുഹത്തിലും ആതിഥേയത്വവും ഐക്യ ദാർഢ്യവും അത്യവശമാണ്; അപരിചിതരെ, വിദേശികളെ, കുടിയേറ്റക്കാരെ, ഭവനരഹിതരെ സ്വാഗതം ചെയ്യുന്നതാണത്. എന്നാൽ അരക്ഷിതവാസ്ഥയും സംശയവും അതിക്രമവും ഉയരുമ്പോൾ നാം അയൽക്കാരനെ അവിശ്വാസത്തോടെ നോക്കിപ്പോകുന്നു. സുവിശേഷത്തിന്റെ വലിയ സാക്ഷ്യമാണ് ആതിഥേയത്വം; പ്രത്യേകിച്ചും മതപരവും സാംസ്ക്കാരികവുമായ ബഹുസ്വരതയുടെ പശ്ചാത്തലത്തിൽ. അപരനെ സ്വാഗതം ചെയ്യുന്നതും അവനാൽ സ്വാഗതം ചെയ്യപ്പെടുന്നതും എക്യുമെനിക്കൽ സംവാദത്തിന്റെ ഹൃദയമാണ്. നമ്മുടെ അയൽക്കാരന് ക്രിസ്തുവിനെ കണ്ടെത്താനാകുന്ന സത്രങ്ങളായി വേണം നാം നമ്മുടെ ദൈവാലയങ്ങൾ നടത്തുവാൻ. നമ്മുടെ സഭകൾക്ക് പരസ്പരവും എല്ലാവരോടും ഉണ്ടാകേണ്ട സ്നേഹത്തിന്റെ അടയാളമാണ് ആ ആതിഥേയത്വം.

ക്രിസ്തു ശിഷ്യരായ നാം നമ്മുടെ വിശ്വാസ പാരമ്പര്യങ്ങളുടെ അപ്പുറം കടക്കുകയും എക്യുമെനിക്കലായ ആതിഥേയത്വത്തിന് സന്നദ്ധരാവുകയും ചെയ്യുമ്പോൾ നാം അപരിചിതർ എന്ന നിലയിൽ നിന്നും അയൽക്കാരായി മാറുന്നു.

**പ്രാർത്ഥന**

സ്നേഹ പിതാവേ, ഞങ്ങളുടെ ദുർബലമായ മാനവിതകയെ പരിപാലിച്ചു കൊണ്ട് ആതിഥേയത്വത്തിന്റെ അർത്ഥം അവിടുന്ന് ഈശോയിലുടെ പ്രകടമാക്കി. പരിത്യജിക്കപ്പെടുന്നവരെയും നഷ്ടപ്പെട്ടവരെയും സ്വാഗതം ചെയ്യുന്ന ഒരു സമൂഹമാകുവാൻ ഞങ്ങളെ സഹായിച്ചാലും. അവിടുത്തെ ഉപാധികളില്ലാത്ത സ്നേഹം ലോകത്തിനാകെ നല്കിക്കൊണ്ട് ഞങ്ങൾ പരസ്പരം കൂടുതൽ അടുക്കട്ടെ പരിശുദ്ധത്മാവുമായുള്ള ഐക്യത്തിൽ ഞങ്ങൾ നടത്തുന്ന ഈ പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ.

## ഏഴാം ദിവസം

**ലൂക്ക 10:36**

"ഈശോ ചോദിച്ചു കവർച്ചക്കാരുടെ കൈയിൽ പെട്ട ആ മനുഷ്യന് ഈ മുവരിൽ ആരാണ് അയൽക്കാരനായത്?"

www.malankaralibrary.com

**ഞങ്ങളുടെ അയൽക്കാരനോട് എങ്ങനെ പ്രതിക രിക്കണം എന്ന് ഞങ്ങൾക്കു കാണിച്ചു തരണമെ**

**മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ**

**ഫിലി 2:1–5**

**സങ്കീർത്തനം 10:17–18**

**ധ്യാനം**

ഉപമയുടെ അവസാനത്തിൽ ഈശോ നിയമ ജ്ഞനോട് ചോദിക്കുന്നു. ആക്രമിക്കപ്പെട്ട ആ മനുഷ്യന് ആരാണ് അയൽക്കാരനായത്. നിയമജ്ഞൻ പറഞ്ഞു: അവനോട് കരുണ കാണിച്ചവൻ. അവൻ പറയുന്നത് സമരിയക്കാരൻ എന്നല്ല. സമ രിയാക്കാരും യഹുദരും തമ്മിലുള്ള വൈരാഗ്യമാണ് ഉത്തരത്തിൽ സമരിയാക്കാരനെ അംഗികരിക്കുന്നത് കഠിനമാക്കിയത്. തീർത്തും അപ്രതിക്ഷിതരായ ജനങ്ങളാണ്, പേരും ഉത്ഭവവും ഉരുവിടാൻ പോലും നാം മടിക്കുന്ന ചിലരാണ് പലപ്പോഴും അയൽക്കാ രായി മാറുന്നത് എന്ന് നാം കാണാറുണ്ട്. രാഷ്ട്രിയ ധ്രുവീക രണം മൂലം വിവിധ മതങ്ങളെ ഒന്നിന് ഒന്ന് എതിരാക്കുന്ന ഇന്നത്തെ ലോകത്തിൽ അതിർത്തികളെ അതിലംഘിക്കുന്ന തിനും ഭിന്നതയുടെ ഭിത്തികൾ തകർക്കുന്നതിനുമുള്ള നമ്മുടെ വിളിയുടെ പ്രാധാന്യം മനസിലാക്കുവാൻ ഈ ഉപമയിലൂടെ ഈശോ നമ്മെ വെല്ലുവിളിക്കുന്നു.

നാം ചെയ്യുന്നത് നല്ലതോ ചീത്തയോ എന്നതിനപ്പുറം പുരോഹിതനെയും ലെവായനെയും പോലെ കരുണയോടെ പ്രവർത്തിക്കുവാൻ മടിക്കുന്നുവോ എന്നും, നമ്മുടെ ജീവിതം എങ്ങനെ ജീവിക്കുന്നു എന്ന് ആലോചിക്കുവാനും വെല്ലുവിളി ക്കുകയാണ്.

പരിശുദ്ധനായ ദൈവമേ, അനുകമ്പയുടെ പാത കാണിക്കുവാൻ അവിടുത്തെ പിത്രനായ യേശു ക്രിസ്തു ഞങ്ങ ളുടെ ഇടയിലേക്ക് വന്നു. അവിടുത്തെ മാതൃക പിൻചെല്ലുവാൻ, അവിടുത്തെ മക്കളുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ അവി ടുത്തെ ആത്മാവിനാൽ ഞങ്ങളെ സഹായിക്കണമെ. അങ്ങനെ, അങ്ങയുടെ സ്നേഹത്തിന്റെയും കരുണയുടെയും ക്രൈസ്തവ ഐക്യസാക്ഷ്യം ഉണ്ടാകട്ടെ.ഈശോയുടെ നാമത്തിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന കേട്ടരുളണമെ. ആമ്മേൻ

www.malankaralibrary.com

# എട്ടാം ദിവസം

**ലൂക്ക 10:37**

“യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക”.

**കർത്താവേ ഞങ്ങളുടെ കൂട്ടായ്മ അവിടുത്ത രാജ്യത്തിന്റെ അടയാളമാകട്ടെ**

**മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ**

**റോമ 12:9–13**

**സങ്കീർത്തനം 41:1–2**

**ധ്യാനം**

’പോയി അതുപോലെ ചെയ്യുക’ എന്ന വാക്കുകളിലൂടെ ഈശോ നാം ഓരോരുത്തരെയുമാണ് അയക്കുന്നത്. നമ്മുടെ ഓരോ സഭകളെയും, അവിടുത്തെ സ്നേഹത്തിന്റെ കല്പന ജീവിക്കുവാൻ, പരി ശുദ്ധാത്മാവിനാൽ പ്രചോദിതരായി നമ്മെ വേദനിക്കുന്ന മാനവകുലത്തിനായി മറ്റൊരു ക്രിസ്തുവാകുവാൻ,അനുകമ്പയോടും കരുണയോടും കൂടി അവിടുന്ന് അയക്കുകയാണ്. മുറിവേറ്റു കിടന്നവനോട് നല്ല സമറിയാക്കരൻ എന്ന പോലെ വ്യത്യസ്ഥരായവരെ നമുക്ക് തിരസ്ക്കരിക്കാതിരിക്കാം. പിന്നെയോ അവരോട് അടുപ്പവും സന്മനസും ഉള്ള ഒരു സംസ്ക്കാരം വികസിപ്പിച്ചെടുക്കാം.

‘പോയി അതുപോലെ ചെയ്യുക’ എന്ന ഈശോയുടെ വാക്കുകൾ എന്താണ് എന്റെ ജീവിതത്തോട് പറയുന്നത്? മറ്റ് സഭകളിലെ അംഗങ്ങളോടുള്ള എന്റെ ബന്ധത്തിൽ ഈശോയുടെ ഈ ആഹ്വാനത്തിന്റെ പ്രസക്തി എന്താണ്? സ്നഹത്തോടെ നമുക്ക് എങ്ങനെയാണ് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷിയാകുവാൻ സാധിക്കുക.? ക്രിസ്തുവിന്റെ അംബാസിഡർമാർ എന്ന നിലയിൽ (2.കോറി.5.20) ദൈവത്തോടും പരസ്പരവും അനുരജ്ഞിതരാകുവാനും നമ്മുടെ സഭകളിലും വർഗിയ സംഘർഷ ബാധിത പ്രദേശങ്ങളിലും കൂട്ടായ്മ വേരിട്ടു വളർത്തുന്നതിനും വിളിക്കപ്പെട്ടവരാണ് നാം.

പരസ്പര വിശ്വാസവും ശരണവും വളരുന്നതിന്

www.malankaralibrary.com

അനുസരിച്ച് സഭാപരമായവ അടക്കമുള്ള നമ്മുടെ മുറിവുകൾ വെളിപ്പെടുത്തുന്നതിന് നാം സന്നദ്ധരാവും. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ സന്ദർശിക്കുകയും പരസ്പരമുള്ള സ്നേഹത്താലും കരുതലാലും നമ്മെ സുഖപ്പെടുത്തുകയും ചെയ്യും. ക്രൈസ്തവ ഐക്യത്തിനായുള്ള കൂട്ടായ യത്നം ബന്ധങ്ങൾ പുതുക്കിപ്പണിയുവാൻ നമ്മെ സഹായിക്കും. അങ്ങനെ അതിക്രമം ഐക്യദാർഢ്യത്തിനും സമാധാനത്തിനും വഴി തുറക്കുകയും ചെയ്യും.

## പ്രാർത്ഥന

സ്വർഗീയ പിതാവേ, ജീവദാതാവായ പരിശുദ്ധാത്മാവിനെ ദാനമായി നല്കിയതിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. ആത്മാവ് ഞങ്ങളെ പരസ്പരം തുറവിയുള്ളവരാക്കുകയും സംഘർഷങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നു. ഞങ്ങളുടെ കൂട്ടായ്മയുടെ കണ്ണികളെ ബലപ്പെടുത്തുന്നു. ഞങ്ങളെ പരസ്പര സ്നേഹത്തിൽ വളർത്തണമെ. സുവിശേഷ സന്ദേശം കൂടുതൽ വിശ്വസ്ഥതയോടെ പ്രഘോഷിക്കുന്നതിനുള്ള ദാഹം കൊണ്ട് നിറയ്ക്കണമെ. അങ്ങനെ ലോകം ഒന്നാകെ ഐക്യപ്പെടട്ടെ. സമാധാനത്തിന്റെ രാജകുമാരനെ സ്വാഗതം ചെയ്യുവാൻ ഞങ്ങൾ പ്രാപ്തരുമാകട്ടെ. ഞങ്ങളുടെ കർത്താവായ ഈശോ വഴി നടത്തുന്ന ഈ പ്രാർത്ഥന കേട്ടരുളേണമെ.

www.malankaralibrary.com

# സഭൈക്യവാര പ്രാർത്ഥന

## (Unity Octave Prayer Service)

ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടി ഇന്റർനാഷണൽ എക്യുമെനിക്കൽ പ്രസ്ഥാനം നടത്തി വരുന്ന ഏട്ട് ദിവസത്തോളം നീളുന്ന പ്രാർത്ഥനാചരണമാണ് യുണിറ്റി ഒക്ടേവ് പ്രയർ സർവ്വീസ് അഥവാ സഭൈക്യവാര പ്രാർത്ഥന. എല്ലാ വർഷവും ജനുവരി 18 മുതൽ 25 വരെയുള്ള തീയതികളിലാണ് ഈ പ്രാർത്ഥനാ ശുശ്രൂഷ നടത്തപ്പെടുന്നത്. ഏട്ടു ദിവസം നീണ്ടുനില്ക്കുന്നതിനാൽ ഈ പ്രാർത്ഥനാവാരം യുണിറ്റി ഒക്ടേവ് പ്രയർ അല്ലെങ്കിൽ അഷ്ടദിന പ്രാർത്ഥന എന്നറിയപ്പെടുന്നു. 1908 – ൽ അമേരിക്കയിലെ ഗ്രേമുറിൽ ആരംഭിച്ച ഈ പ്രാർത്ഥനാ പ്രസ്ഥാനം ക്രൈസ്തവ സഭകളുടെ ഐക്യത്തിന് ഊന്നൽ നല്കുന്നു. അമേരിക്കയിലെ ഗ്രേമുറിലെ ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിന്റെ സ്ഥാപകൻ കൂടിയായ ഫാ. പോൾ വാട്സൺ ആണ് അഷ്ടദിന പ്രാർത്ഥനയ്ക്കായുള്ള തീയതികൾ നിർദ്ദേശിച്ചത്. ജനുവരി 18 –ാം തീയതി വി. പത്രോസ് ശ്ലീഹായുടെ പശ്ചാത്താപത്തിന്റെ തിരുനാളോടുകൂടി ആരംഭിക്കുന്ന പ്രാർത്ഥനാവാരം ജനുവരി 25 വി. പൗലോസ് ശ്ലീഹായുടെ മാനസാന്തര തിരുനാളോടുകൂടി സമാപിക്കുകയും ചെയ്യുന്നു. പരിശുദ്ധ പത്താം പീയുസ് മാർപ്പാപ്പ കൊണ്ട് ആശീർവദിച്ച ഈ ഉദ്യമം ബനഡിക്റ്റ് പതിനഞ്ചാമൻ മാർപ്പാപ്പയാണ് ആഗോള കത്തോലിക്കാ സഭയിലുടനീളം ആചരിക്കുവാനായി പ്രോത്സാനം നല്കിയത്. 1933–ൽ, ഫ്രാൻസിലെ ലിയോണിലെ പുരോഹിതനായ പോൾ കൂർട്ടിയർ, സഭൈക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന എല്ലാ മനുഷ്യരുടെയും

www.malankaralibrary.com

ഹൃദയങ്ങളിൽ നിന്നുയരേണ്ടതാണെന്ന് മനസ്സിലാക്കികൊണ്ട്, ഈ അഷ്ടദിനത്തെ ക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടിയുള്ള സാർവ്വത്രിക പ്രാർത്ഥനയുടെ വാരമായി പുനർനിർമ്മിക്കുകയും ചെയ്തു. വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ പ്രമോട്ടിംഗ് ക്രിസ്റ്റ്യൻ യുണിറ്റിയുടെയും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് 'ഫെയ്ത്ത് ആന്റ് ഓഡർ കമ്മീഷന്റെയും സംയുക്ത പരിശ്രമഫലമായിട്ടാണ് ഇപ്പോൾ ഈ എക്യുമെനിക്കൽ പ്രാർത്ഥനാവാരാചരണം നടന്നുവരുന്നത്. ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിലെ വിവിധ മേഖലകളിൽ ഓരോ വർഷവും ഒരു പ്രത്യേക വിഷയം തിരഞ്ഞെടുത്തുകൊണ്ട് ഒന്ന് ചേർന്ന് പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുകയാണ് ഈ അഷ്ടദിന പ്രാർത്ഥനാ ശുശ്രൂഷയിൽ നടന്നുവരുന്നത്.